**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5528** **03-11-2021 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ ലബോറട്ടറികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | രക്ത പരിശോധനയിലൂടെ അലർജി കണ്ടെത്താമെന്ന് പരസ്യം നടത്തിയ ലബോറട്ടറികളിൽ ഏറെയും അനധികൃതവും ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് നിയമപ്രകാരം രജിസ്റ്റർ ചെയ്യാത്തവയുമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | രക്ത പരിശോധനയിലൂടെ അലർജി കണ്ടെത്താമെന്ന് പരസ്യം നൽകിയ രണ്ട് ലബോറട്ടറികൾ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് നിയമ പ്രകാരം രജിസ്റ്റർ ചെയ്യാത്തവയാണെന്ന് കണ്ടെത്തിയിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ പ്രസ്തുത ലബോറട്ടറികൾക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കാമോ? | (ബി) | ഇത്തരത്തിൽ നടത്തുന്ന അലർജി ടെസ്റ്റിന്റെ ആധികാരികത സംബന്ധിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ പബ്ലിക് ഹെൽത്ത് ലാബ് ഡയറക്ടർക്കും തിരുവനന്തപുരം ജില്ലാ മെഡിക്കൽ ഓഫീസർക്കും ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് കൗൺസിൽ സെക്രട്ടറി നിർദ്ദേശം നൽകിയിട്ടുണ്ട്. ജില്ലാതല മോണിറ്ററിംഗ് കമ്മറ്റിയോട് ഇൻസ്പെക്ഷൻ നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ നിന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ